നമ്പർ. എസ്.എസ്.ജി-2/1922/റ്റിസി/2016

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**
*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 22-06-2017

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — ഓൺലൈൻ ടാക്സ്, [redacted] നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്

മോട്ടോർ വാഹന വകുപ്പ് 10-05-2017 മുതൽ എല്ലാത്തരം വാഹനങ്ങളുടേയും നികുതി അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനം ഫലപ്രദമായി നടപ്പാക്കുന്നതിന് വകുപ്പിലെ ഉദ്യോഗസ്ഥർ താഴെ പറയുന്ന കാര്യങ്ങൾ സ്വീകരിയ്ക്കണമെന്ന് നിർദ്ദേശിച്ചുകൊള്ളുന്നു.

1. പരമാവധി വാഹന ഉടമകളെ ഓൺലൈനായി നികുതി അടയ്ക്കുന്നതിന് പ്രേരിപ്പിയ്ക്കണം
2. ഓഫീസ് കൗണ്ടറിൽ നേരിട്ട് നികുതി ഒടുക്കുന്നതിന് വാഹന ഉടമകൾ നേരിട്ടെത്തിയാൽ അവരിൽനിന്നും മാത്രമേ കൗണ്ടറിലൂടെ നികുതി സ്വീകരിയ്ക്കാവൂ. ഓഫീസിലെ ഉയർന്ന ഉദ്യോഗസ്ഥന്റെ നിർദ്ദേശാനുസരണം മാത്രമേ ഇപ്രകാരം നികുതി സ്വീകരിയ്ക്കാവൂ.
3. ഓൺലൈനായി അടച്ച നികുതിയുടെ വെരിഫിക്കേഷൻ, ഇഷ്യൂ എന്നീ പ്രക്രിയകൾ കൃത്യമായി ചെയ്യണം. അകാരണമായി വൈകിപ്പിയ്ക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിയ്ക്കുന്നതാണ്.
4. ഓഫീസ് മേധാവികൾ ഓരോ ദിവസവും അവരവരുടെ ഓഫീസിൽ ഓൺലൈനായി നികുതി അടച്ച വാഹനങ്ങളുടെ എണ്ണവും തുകയും പരിശോധിയ്ക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

22/6/2017

ജൂനിയർ സൂപ്രണ്ട്

22/06/2017

സിഡി